കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആലംകോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/3275/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 20-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആലംകോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആലംകോട് ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.28/3275/2016 തിയ്യതി:

20/01/2017

## മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-05-2016 മുതൽ 06-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 07-11-2016 മുതൽ 15-11-2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.അബ്ദുൽ റഷീദ്.എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സജീഷ്.എം.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ആലസ്സൻ കുട്ടി.യു | ഓഡിറ്റർ |
| ശ്രീ. അനീത് ബാബു.കെ. ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീ.റഫീക്ക്കിഴിക്കര | 1-4-2015 മുതൽ 29-11-15 വരെ |
| | | | ശ്രീ. അലി പരുവിങ്ങൽ | 30-11-15 മുതൽ 06-12-15 വരെ |
| | | | ശ്രീമതി.ആയിഷഹസ്സൻ | 07-12-15 മുതൽ 31-3-2016വരെ |
| സെക്രട്ടറി | : | | ശ്രീ.മുകുന്ദൻ.കെ,<br>അസി. സെക്രട്ടറി | 1-4-15 മുതൽ 20-07-15 വരെ |

| | | |
|---|---|---|
| | ( In Charge) | |
| | ശ്രീ.മുകുന്ദൻ, സെക്രട്ടറി | 21-07-15 മുതൽ 31-12-15 വരെ |
| | ശ്രീ.നന്ദകുമാർ.കെ | 1-1-16 മുതൽ 31-3-16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുകുന്ദൻ.കെ<br>ശ്രീ.നന്ദകുമാർ.കെ | 1-4-15മുതൽ20-07-15വരെ<br>19-8-15 മുതൽ 31-3-16വരെ<br>(21-7-15 മുതൽ 18-8-15 വരെ ഒഴിവ്) |
| ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | കെ.സുരേഷ് | 1-4-15മുതൽ 31-3-16 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | സരസ്വതി.സി.പി | 1-4-15 മുതൽ 14-1-16 വരെ |
| | സൗദാബി | 15-1-16 മുതൽ 31-3-16വരെ |
| അസിസ്റ്റന്റ്എഞ്ചിനീയർ | എം.കെ.സന്തോഷ് കുമാർ | 1-4-15മുതൽ31-3-16 വരെ |
| വെറ്റർനറി സർജൻ | ഡോ.ജോകുര്യാക്കോസ് | 1-4-15 മുതൽ 26-8-15 വരെ |
| | ഡോ.അഷറഫ്.പി.വി | 27-8-15മുതൽ31-3-16 വരെ |
| ആയുർവേദ മെഡിക്കൽഓഫീസർ | ഡോ.ഇ.പി.സുജീഷ് | 1-4-15 മുതൽ31-3-16 വരെ |
| ഹോമിയോ മെഡിക്കൽഓഫീസർ | ഡോ.പ്രസന്നകുമാരി<br>ഡോ.സിന്ധു.പി.വി | 1-4-15 മുതൽ 24-8-15 വരെ<br>25-8-15മുതൽ31-3-16വരെ |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി | ഡോ.ദീപു.സി<br>ഡോ.നിഗാർകാസിം | 1-4-15മുതൽ1-2-16 വരെ<br>2-2-16മുതൽ31-3-16 വരെ |

| | | | |
|---|---|---|---|
| | | | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | ബിജു | 1-4-15 മുതൽ 31-3-16വരെ |
| കൃഷി ഓഫീസർ | | സുമേഷ്.എസ്<br>ബൈജു.എൽ.എസ്<br>അനിലമാത്യു<br>അശ്വതിദേവ്<br>ഇർഫാന.കെ.(കോൺട്രാക്ട് സ്റ്റാഫ്) | 1-4-15 മുതൽ 30-5-15വരെ<br>01-06-15മുതൽ8-6-15വരെ<br>9-6-15മുതൽ30-11-15വരെ<br>01-12-15മുതൽ11-3-16വരെ<br>12-3-16മുതൽ 31-3-16വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | പുതിയ സ്രോതസ്സുകൾ കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടികളില്ല. | 2-1 | |
| 13 | വസ്തു നികുതി കുറവായി ഈടാക്കി | 2-2 | |
| 14 | ക്വാർട്ടേഴ്സുകളുടെ അടിസ്ഥാന വസ്തു നികുതി കുറവായി | 2-3 | |
| 15 | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-4 | |

| | | | |
|---|---|---|---|
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 | |
| 17 | ഡി. & ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകത | 2-6 | |
| 18 | റേഷൻകട, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 2-7 | |
| 19 | ഷോപ്പിംഗ് കോംപ്ലക്സ് ലേലക്കാർ ഏറ്റെടുക്കുന്നില്ല. — നഷ്ടം | 2-8 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 20 | തെരുവ് വിളക്ക് – വെള്ളക്കരം – അപാകതകൾ | 3-1 | |
| 21 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് ധനസഹായം | 3-2 | |
| 22 | സാമൂഹ്യക്ഷേമ പദ്ധതികളുടെ കാര്യ പ്രാപ്തി | 3-3 | |
| 23 | നിർവഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് | 3-4 | |
| 24 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതി – അപാകതകൾ | 3-5 | |
| 25 | എൻ.എ.സി. ഇല്ലാതെ മരുന്ന് വാങ്ങി | 3-6 | |
| 26 | പരിരക്ഷ – മാർഗ്ഗരേഖ പാലിക്കാതെ ചെലവ് ചെയ്തു | 3-7 | |
| 27 | പി.എച്ച്.സി. ക്ക് മരുന്ന് ലഭ്യമായില്ല | 3-8 | |
| 28 | വിദ്യാഭ്യാസ മേഖലയിൽ പ്രൊജക്ട് – നടപടിക്രമങ്ങൾ പാലിച്ചില്ല | 3-9 | |
| 29 | വിദ്യാജ്യോതി – മാർഗ്ഗരേഖക്ക് വിരുദ്ധം | 3-10 | |
| 30 | വീട് വക്കാൻ ഭൂമി – മാനദണ്ഡങ്ങൾ പാലിക്കാതെ | 3-11 | |
| 31 | അനുപൂരക പോഷകാഹാരം – അപാകതകൾ | 3-12 | |
| 32 | ഗോക്കൾക്ക് വേനൽകാല പരിരക്ഷ | 3-13 | |
| 33 | വാഴക്കന്ന് വിതരണം – അപാകതകൾ | 3-14 | |
| 34 | ഇ.എം.എസ്. ഭവന നിർമ്മാണം – പൂർത്തീകരിച്ചില്ല | 3-15 | |
| 35 | മരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കാത്തത് – നഷ്ടം | 3-16 | |
| 36 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 3-17 | |
| 37 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-18 | |
| 38 | ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികളിൽ ആശുപത്രി വികസന സമിതികൾ രൂപീകരിച്ചിട്ടില്ല | 3-19 | |
| 39 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – അവലോകനം | 3-20 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 43 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 44 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 45 | ഓഡിറ്റ് റിക്കവറി | 4-6 | |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 50 | Audit Certificate | 2 | |
| 51 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 52 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 53 | ബാലൻസ് ഷീറ്റ് | 5 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24-3-2015 ലെ നമ്പർ 1 തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ ക്രമപ്പെടുത്തുന്നതിനായി പുതുക്കിയ ബജറ്റ് അവതരിപ്പിച്ചിട്ടില്ല.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവു ചെലവു വിവരം താഴെ കൊടുക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 4844091 | 14274711 | 9430620 | | 19.47 |
| വരവ് | 1134129500 | 49524989 | | 84604511 | 7.45 |
| ആകെ | 138973591 | 63799700 | | 75173891 | 54.09 |
| ചെലവ് | 131642570 | 57513309 | | 74129261 | 56.31 |
| നീക്കിയിരിപ്പ് | 7331021 | 6286391 | | 1044630 | 14.24 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-16 | 5-7-16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

വാർഷിക കണക്കുകളിലെ അപാകതകൾ

1. ഓരോ മാസത്തെയും റസീപ്റ്റ് & പേയ്മെന്റ് പത്രിക തയ്യാറാക്കി അടുത്ത മാസം 10-ാം തീയതിക്കു മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു കാണുന്നില്ല.
2. സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
3. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഉള്ള തുക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ നൽകിയിട്ടുള്ള തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.
4. ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയ 10,000/- രൂപ ക്രമപ്പെടുത്തിയിട്ടില്ല.
5. അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
6. സംയുക്ത പ്രൊജക്ടുകൾക്ക് തുക ലഭ്യമായത് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല.
7. മുൻ വർഷത്തെ അപാകതകളിൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 14,600/- രൂപയുടെ നിക്ഷേപത്തിന്റെ രേഖയുൾപ്പെടുത്തിയിട്ടില്ല. മറ്റ് അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 14274711

വരവ് - 49524989

ആകെ - 63799700

ചെലവ് - 57513309

നീക്കിയിരിപ്പ് - 6286391

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1623500 | 8893729 | 10517229 | 10517229 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 338263 | 4572766 | 4911029 | 4887766 | 23263 | |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | -- | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 14193 | 8172198 | 8186391 | 8186391 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1116444 | 2057248 | 3173692 | 3173692 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 869178 | 4387412 | 5256590 | 4175851 | 1080739 | |
| പെർഫോമൻസ് ഗ്രാന്റ് | 2756000 | 2468837 | 5224837 | 2468837 | 2756000 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 7842093 | 7842093 | 7840794 | 1299 | |
| ബി ഫണ്ട് | 0 | 35970754 | 3597054 | 3597054 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 98113816 | 172 | 44891972 | 10 | 24 | 84 |

പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4.5 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 5231470 | 3778242 | 1453228 | 27.77 |
| നികുതിയേതര വരവുകൾ | 2970466 | 3153783 | 183317 | 6.17 |
| മറ്റുവരവുകൾ | 8679148 | 9185855 | 506707 | 5.83 |
| ആകെ | 16881084 | 161117880 | 763204 | 4.52 |

പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ ഗ്രാമ പഞ്ചായത്തിന്റെ ശ്രമങ്ങൾ, കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിലെ കാര്യക്ഷമത എന്നിവ റിപ്പോർട്ടിന്റെ ഭാഗം 2 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 139920 | 96 |
| കർഷകതൊഴിലാളി പെൻഷൻ | 2807580 | 310 |
| വിധവാപെൻഷൻ | 12798720 | 1149 |
| വാർദ്ധക്യകാലപെൻഷൻ | 15695100 | 1712 |
| വികലാംഗപെൻഷൻ | 3789720 | 334 |
| അവിവാഹിതപെൻഷൻ | 497360 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ളവിവാഹധനസഹായം | 60000 | 2 |

*(ക്ഷേമ പദ്ധതികളുടെ ഗുണഭോക്തൃതെരഞ്ഞെടുപ്പ്, ഫണ്ട് വിനിയോഗം തുടങ്ങിയവ സംബന്ധിച്ച പരാമർശങ്ങൾ ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)*

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-11-2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37101/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

എഗ്രിമെന്റ് രജിസ്റ്റർ

അസിസ്റ്റന്റ് എഞ്ചിനീയർ എഴുതി സൂക്ഷിക്കുന്ന എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ തുക വിവരം,സെക്യൂരിറ്റി നിക്ഷേപ വിവരം, എന്നിവ രേഖപ്പെടുത്തുന്നില്ല.

ടെണ്ടർ രജിസ്റ്റർ

ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനത്തിന്റെ നമ്പർ /തിയ്യതി, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ്, ടെണ്ടർ സ്വീകരിക്കപ്പെട്ടയാളുടെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5-11-2016 | 2016ഒക്ടോബർ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-8-2004 (2003-04) | 1997-98 മുതൽ 2003-04 | 13-09-2004 |

2015 -16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ 2016 ഒക്ടോബർ വരെയുള്ള പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പരിശോധന പൂർത്തിയായിട്ടുണ്ട്. എന്നാൽ 10/2015 മുതൽ 1/2016 വരെയുള്ള റിപ്പോർട്ടുകൾ മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടാകുന്നത് 1997 ലെ കേരള പഞ്ചായത്ത് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ നിഷ്കർഷിക്കും വിധം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിലെ അപാകതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് തടസ്സമാവുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പുതിയ സ്രോതസ്സുകൾ കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടികളില്ല

ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നിർദ്ദേശങ്ങളൊന്നും തന്നെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ ചട്ടം 26(1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന, ആക്ടിലെ 207 വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ തെരുവ് വിളക്ക്, ജലവിതരണം എന്നീ സേവനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഇത്തരത്തിലുള്ള ഉപനികുതികൾ ചുമത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലോ ഭരണസമിതിയുടെ ഭാഗത്തുനിന്നോ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. അതുപോലെ പരസ്യ നികുതി ചുമത്തുന്നതിനും നീക്കമുണ്ടായിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നികുതികൾ ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

## 2-2 വസ്തു നികുതി കുറവായി ഈടാക്കി

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ വസ്തു നികുതി പിരിവ് പരിശോധനയിൽ താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും ജി.ഒ.(പി) നമ്പർ19/2011/ത.സ്വ.ഭ.വ.തിയതി 4-1-2011 പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ഉടമ | വിസ്തീർണ്ണം/തരം | ഈടാക്കേണ്ടPT+LC | ഈടാക്കിയPT+LC | കുറവ്-PT | കുറവ്-LC |
|---|---|---|---|---|---|
| ശ്രീ.സിദ്ധീഖ് 3/353-B | 261.46 m2 (വാണിജ്യം,ദ്വിതീയം, ഷീറ്റ്,ഗോഡൗൺ) | 261.46*50 =13073 (നിയമാനുസൃത വർദ്ധനവ്=10%, നിയമാനുസൃത ഇളവ് 20%) =13073 -1307=11766 | 7844+393 Rt No11513100487/ 6-5-15 | 3922 | 195 |

| | | | | | |
|---|---|---|---|---|---|
| | | PT+588LC(5%) | | | |
| ശ്രീ.മണികണ്ഠൻ<br>16/128E | 220. m2<br>(വാണിജ്യം,ദ്വിതീയം, ടെറസ്സ്,ഗോഡൗൺ) | 220*50=11000<br>(നിയമാനുസൃത വർദ്ധനവ് =10%,നിയമാനുസൃത -ഇളവ് 10%)<br>=11000 PT+550LC(5%) | 7260+363 Rt No11513101298/ 25-6-15 | 3740 | 187 |
| ശ്രീ.നിയാസ്<br>19/220A | 183 M2(പ്രാഥമികം, വാണിജ്യം, ഷീറ്റ്,കട) | 183 x 50 = 9150<br>10% ഇളവ് – 915<br>= 8235<br>412 (LC 5%) | 5940+292 Rt No11513104346/ 15-2-16 | 2295 | 119 |
| ശ്രീ.നിയാസ്<br>19/220B | 375.25 M2(പ്രാഥമികം, വാണിജ്യം, ഷീറ്റ്,കട) | 375.25*50=18762 (നിയമാനുസൃത വർദ്ധനവ് =0, നിയമാനുസൃത ഇളവ് 10%) = 18762-1876=16886PT+ 844 (LC 5%) | 14072+703 Rt No11513104346/ 15-2-16 | 2814 | 141 |
| ആകെ | | | | 12771 | 642 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-5/11-11-16 ക്കുള്ള മറുപടിയിൽ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. ആയതിനാൽ പ്രസ്തുത തുക 12771രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 ക്വോർട്ടേഴ്സുകളുടെ അടിസ്ഥാന വസ്തു നികുതി കുറവായി നിർണ്ണയിച്ചു

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ വസ്തു നികുതി പിരിവ് പരിശോധനയിൽ താഴെ പറയുന്ന ക്വോർട്ടേഴ്സുകളുടെ ഉടമകളിൽ നിന്നും 30 രൂപ നിരക്കിൽ അടിസ്ഥാന വസ്തു നികുതി ചുമത്തുകയോ, വാടകക്ക് നൽകുന്ന കെട്ടിടങ്ങൾക്കുള്ള ജി.ഒ.(പി) നമ്പർ19/2011/ത.സ്വ.ഭ.വ.തിയതി 4-1-2011 പ്രകാരമുള്ള 50% വർദ്ധനവോടെ വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഈ കെട്ടിടങ്ങൾക്ക് മാത്രം 30 രൂപ അടിസ്ഥാന വസ്തു നികുതി പ്രകാരം ഈടാക്കേണ്ട തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഉടമ | വിസ്തീർണ്ണം/തരം | ഈടാക്കേണ്ടPT+LC | ഈടാക്കിയPT+LC | കുറവ്-PT | കുറവ്-LC |
|---|---|---|---|---|---|
| ശ്രീ.റസാക്ക് മൂസ<br>13/353-B | (ദ്വിതീയം,ക്വോർട്ടേഴ്സ്)<br>63.4xM$^2$ | 63.4*30=1902<br>(നിയമാനുസൃത ഇളവ് 10%)<br>=1902-190 =1712 PT+85LC(5%) | 172+9 Rt.No.11513100788/ 22-5-15 | 1540 | 76 |
| ശ്രീ.റസാക്ക് മൂസ<br>13/353-C | (ദ്വിതീയം,ക്വോർട്ടേഴ്സ്)<br>63.4xM$^2$ | 63.4*30=1902<br>(നിയമാനുസൃത ഇളവ് 10%)<br>=1902-190 =1712 PT+85LC(5%) | 172+9 Rt.No.11513100789/ 22-5-15 | 1540 | 76 |
| ശ്രീ.റസാക്ക് മൂസ<br>13/353-D | (ദ്വിതീയം,ക്വോർട്ടേഴ്സ്)<br>63.4xM$^2$ | 63.4*30=1902<br>(നിയമാനുസൃത ഇളവ് 10%)<br>=1902-190 =1712 | 172+9 Rt.No.11513100790/ 22-5-15 | 1540 | 76 |

| | | | | | |
|---|---|---|---|---|---|
| | | PT+85LC(5%) | | | |
| ശ്രീ.റസാക്ക് മൂസ 13/353-E | 55.31 m2 (ദ്വിതീയം,ക്വോർട്ടേഴ്സ്) | 55.31*30=1659 (നിയമാനുസൃത ഇളവ് 10%)=1659-165 =1494 PT+74LC(5%) | 150+8 Rt.No.11513100791/ 22-5-15 | 1344 | 66 |
| ശ്രീ.റസാക്ക് മൂസ 13/353-F | 55.31 m2 (ദ്വിതീയം,ക്വോർട്ടേഴ്സ്) | 55.31*30=1659 (നിയമാനുസൃത ഇളവ് 10%)=1659-165 =1494 PT+74LC(5%) | 150+8 Rt.No.11513100792/ 22-5-15 | 1344 | 66 |
| ശ്രീ.റസാക്ക് മൂസ 13/353-G | 72.51 m2 (ദ്വിതീയം,ക്വോർട്ടേഴ്സ്) | 72.51*30=2175 (നിയമാനുസൃത ഇളവ് 10%) =2175-217 =1958 PT+98LC(5%) | 196+10 Rt.No.11513100793/ 22-5-15 | 1762 | 88 |
| ശ്രീ.റസാക്ക് മൂസ 13/353-H | 72.51 m2 (ദ്വിതീയം,ക്വോർട്ടേഴ്സ്) | 72.51*30=2175 (നിയമാനുസൃത ഇളവ് 10%) =2175-217 =1958 PT+98LC(5%) | 196+10 Rt.No.11513100794/ 22-5-15 | 1762 | 88 |
| ശ്രീ.റസാക്ക് മൂസ 13/353-I | 71.97m2 (ദ്വിതീയം,ക്വോർട്ടേഴ്സ്) | 71.97*30=2159 (നിയമാനുസൃത ഇളവ് 10%) =2159-215 =1944 PT+97LC(5%) | 196+10 Rt.No.11513100795/ 22-5-15 | 1748 | 87 |
| ശ്രീ.റസാക്ക് മൂസ 13/353-J | 73.4 m2 (ദ്വിതീയം,ക്വോർട്ടേഴ്സ്) | 73.4*30=2202 (നിയമാനുസൃത ഇളവ് 10%) =2202-220=1982 PT+99LC(5%) | 198+10 Rt.No.11513100796/ 22-5-15 | 1784 | 89 |
| ശ്രീ.റസാക് മൂസ 13/353-K | 73.4 m2 (ദ്വിതീയം,ക്വോർട്ടേഴ്സ്) | 73.4*30=2202 (നിയമാനുസൃത ഇളവ് 10%) =2202-220=1982 PT+99LC(5%) | 198+10 Rt.No.11513100797/ 22-5-15 | 1784 | 89 |
| ശ്രീ.റസാക്ക് മൂസ 13/353-L | 70.68 m2 70.(ദ്വിതീയം,ക്വോർട്ടേഴ്സ്) | 70.68*30=2120 (നിയമാനുസൃത ഇളവ് 10%) =2120-212 | 191+10 Rt.No.11513100798/ 22-5-15 | 1717 | 85 |

| | | | | | |
|---|---|---|---|---|---|
| | | =1908<br>PT+95LC(5%) | | | |
| ശ്രീ.റസാക്ക് മൂസ<br>13/353-M | 70.68 m2<br>70.(ദ്വിതീയം,ക്വോർട്ടേഴ്സ്) | 70.68*30=2120<br>(നിയമാനുസൃത ഇളവ് 10%)<br>=2120-212<br>=1908<br>PT+95LC(5%) | 191+10 Rt.No.11513100799/ 22-5-15 | 1717 | 85 |
| 3ശ്രീ.റസാക്ക് മൂസ<br>13/353-N | 86.61 m2<br>(ദ്വിതീയം,ക്വോർട്ടേഴ്സ്) | 86.61*30=2598<br>(നിയമാനുസൃത ഇളവ് 10%)<br>=2598-259<br>=2339<br>PT+117LC(5%) | 234+12<br>Rt.No.11513100800/<br>22-5-15 | 2105 | 105 |
| ശ്രീ.റസാക്ക് മൂസ<br>13/353-O | 86.61 m2<br>(ദ്വിതീയം,ക്വോർട്ടേഴ്സ്) | 86.61*30=2598<br>(നിയമാനുസൃത ഇളവ് 10%)<br>=2598-259<br>=2339<br>PT+117LC(5%) | 234+12<br>Rt.No.11513100801/22-5-15 | 2105 | 105 |
| ശ്രീ.ഉമ്മർ<br>14/348A | 52.36m2(ദ്വിതീയം,ക്വോർട്ടേഴ്സ്) | 52.36*30=1570<br>(നിയമാനുസൃത ഇളവ് 10%)<br>=1570-157=1413<br>PT+71LC(5%) | 142+8<br>Rt.No.11513100817/25-5-15 | 1271 | 63 |
| ആകെ | | | | 25063 | 1244 |

ഈ വിഷയം ഉന്നയിച്ച്നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-6/11-11-16 ന് നൽകിയ മറുപടിയിൽ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. ആയതിനാൽ പ്രസ്തുത തുക 25063 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.- കുടിശ്ശിക വിവരം ആധികാരികമല്ല.

വാർഷിക കണക്കുകൾ പ്രകാരമുള്ള മുൻവർഷത്തെ വസ്തുനികുതിയിനത്തിലെ വർഷാവസാന കുടിശ്ശിക 5,78,249 രൂപയാണ്. വസ്തുനികുതി നികുതിയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും വർഷം തിരിച്ചുള്ള കുടിശ്ശിക വിവരം ലഭ്യമല്ലാത്തതിനാലും ഈയിനത്തിലെ തുകയുടെ കൃത്യത വ്യക്തമല്ല. കിട്ടാനുള്ള വസ്തുനികുതിക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയതും ഇക്കാരണത്താൽ ആധികാരികമല്ല. ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരമനുസരിച്ച് 2015-16 വർഷത്തിൽ കുടിശ്ശിക ഡിമാന്റ് തുക 18,24,143 രൂപയിൽ 10,40,879 രൂപ പിരിച്ചെടുത്തതായി പറയുന്നുണ്ട്. ഇതു പ്രകാരം പിരിച്ചെടുക്കാൻ ശേഷിക്കുന്ന വസ്തുനികുതി 7,83,264 രൂപയാണ്. ഇത് വാർഷിക കണക്കുകളുടെ ബി-!5 ഷെഡ്യൂളുമായി (5,78,249 രൂപ) പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക വിവരം കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2015-16 തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ മേൽ ചുമത്തേണ്ട സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്ര.നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സിവിൽ സപ്ലൈസ് ചങ്ങരംകുളം | I, II |
| 2 | ദാറുസ്സലാം ഇംഗ്ലീഷ് സ്കൂൾ | I, II |
| 3 | MVMRHSS വളയംകുളം | I, II |
| 4 | മദർ &ചൈൽഡ് ഹോസ്പിറ്റൽ ചങ്ങരംകുളം | I, II |
| 5 | കക്കിടിപ്പുറം കൺവെൻഷൻസെന്റർ | I, II |
| 6 | KVM ഓഡിറ്റോറിയം വളയംകുളം | I, II |
| 7 | ARHSS പവിട്ടപുരം | I, II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 19 ന് നൽകിയ മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.നികുതി ഈടാക്കി വിവരം ആദ്യ മറുപടിയിൽ നൽകേണ്ടതാണ്.

## 2-6 ഡി & ഒ ട്രേഡ് ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ സംബന്ധിച്ച്

ഡി & ഒ ട്രേഡ് ലൈസൻസ് ലഭിക്കുന്നതിന് സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൻമേൽ അന്വേഷണം, സ്ഥലപരിശോധന എന്നിവ നടത്തേണ്ടതും സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ് /യന്ത്രസാമഗ്രികളുടെ ആസ്തി മൂല്യം /യന്ത്രസാമഗ്രികളുടെ ക്ഷമത തുടങ്ങിയ ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം-7 പ്രകാരം ഫീസ് ചുമത്തി ലൈസൻസ് നൽകേണ്ടത്. എന്നാൽ പഞ്ചായത്ത് ഉദ്യോഗസ്ഥർ 2015-16 വർഷത്തെ എല്ലാ അപേക്ഷകളിലും പ്രതിദിന വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അന്വേഷണം നടത്തി തയ്യാറാക്കിയ എല്ലാ റിപ്പോർട്ടുകളിലും മേൽപറഞ്ഞ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ വിറ്റുവരവ് രേഖപ്പടുത്താതെ ലഭിച്ച അപേക്ഷകളിൻമേലുള്ള അന്വേഷണ റിപ്പോർട്ടുകളിലും ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം സൂചിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷകളിൻമേൽ പൂർണ്ണമായ വിശദാംശങ്ങൾ ഉൾപ്പെടുത്തി അന്വേഷണ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

ലൈസൻസ് ഫീസ് അടക്കുന്നവർക്ക് ലൈസൻസ് നൽകുന്നില്ല

ലൈസൻസ് ഫീസ് അടക്കുന്നവർക്ക് നൽകാനായി ലൈസൻസ് എഴുതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്യാതെ സെക്ഷൻ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

*അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.*

## 2-7 റേഷൻ കടകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവ പ്രവർത്തിക്കുന്ന സ്ഥലം, ആകെ ജീവനക്കാർ എന്നിവയുടെ വിവരങ്ങളും, പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (11/11-11-16) യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവ പഞ്ചായത്തിന്റെ ലൈസൻസോടു കൂടി

മാത്രം പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതുമാണ്.

## 2-8 ഷോപ്പിംഗ് കോംപ്ലക്സ് -ലേലക്കാർ ഏറ്റെടുത്തില്ല, പഞ്ചായത്തിന് വരുമാന നഷ്ടം-ലോൺ തിരിച്ചടവ് ബാധ്യതയാവുന്നു.

ഗ്രാമ പഞ്ചായത്ത് കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പയെടുത്ത് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിലെ 40 മുറികൾ 22-07-2015 ന് പരസ്യലേലം ചെയ്തുവെങ്കിലും ലേലം കൊണ്ടവർ മുറികൾ ഏറ്റെടുക്കാൻ തയ്യാറാവാത്തതിനാലും ലേലക്കാരിൽ 9 പേർ വാടക കൂടുതലാണെന്ന് കാണിച്ച് കോടതിയെ സമീപിച്ചതിനാലും മുറികൾ ഒഴിഞ്ഞു കിടക്കുകയാണ്. ഭീമമായ തുക വായ്പയെടുത്ത് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ നിന്നും വാടക ലഭിക്കാത്തതിനാൽ വായ്പ തിരിച്ചടവ് ഗ്രാമ പഞ്ചായത്തിന് ബാധ്യതയായി മാറിയിരിക്കുന്നു. 2015-16 വർഷാവസാനം 75,77,701 രൂപ വായ്പാ തിരിച്ചടവ് അവശേഷിക്കുന്നുണ്ട്. കോടതി നടപടികൾ വേഗത്തിൽ തീർപ്പാക്കുന്നതിനും മുറികൾ വാടകയ്ക്ക് നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക്-വെള്ളക്കരം അടവാക്കൽ-അപാകതകൾ

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നമ്പർ 3055/ഉ.അ.3/2011/ത.സ്വ.ഭ.വ./15-9-15, വെള്ളക്കരം സംബന്ധിച്ച ജി.ഒ.(ആർ.ടി.)2242/2011/ത.സ്വ.ഭ.വ./28-9-11 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിർദേശങ്ങൾ പാലിച്ചുകൊണ്ടല്ല ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവ അടവാക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന തെരുവ് വിളക്കുകളുടെയും പൊതുടാപ്പുകളുടെയും കൃത്യമായ എണ്ണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രതിമാസം വെള്ളക്കരം ഇനത്തിലും(119875 രൂപ) വൈദ്യുതിചാർജിനത്തിലും(47102 രൂപ) വലിയ തുകയാണ് അടവാക്കി വരുന്നത്. കൂടാതെ 2015-16 വർഷത്തിൽ 4ലക്ഷം രൂപ കുടിശ്ശിക വൈദ്യുതി ചാർജിനത്തിൽ കെ.എസ്.ഇ.ബി.യിലേക്ക് അടവാക്കിയിട്ടുണ്ട്. എപ്രകാരമാണ് ഇങ്ങിനെ കുടിശ്ശിക വന്നത് എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. തെരുവ് വിളക്കുകൾക്ക് കെ.എസ്.ഇ.ബി.യുടെ 2010ലെ കണക്കുകൾ പ്രകാരം ഉള്ള എണ്ണത്തിനാണ് ഇപ്പോഴും തുക അടവാക്കി വരുന്നത്. ഓർഡിനറി ബൾബുകൾ ഭൂരിഭാഗവും സി.എഫ്.എൽ ആയി മാറിയ സാഹചര്യത്തിൽ ഇപ്പോഴും ഓർഡിനറി ബൾബുകൾക്ക് വേണ്ടി വലിയ തുക ചെലവഴിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 274 ടാപ്പുകൾക്ക് പ്രതിവർഷം 1438500/-രൂപ വീതം ആണ് വെള്ളക്കരം അടവാക്കി വരുന്നത്. ഗ്രാമപഞ്ചായത്തിൽ ഇവയുടെ കൃത്യമായ എണ്ണം ഇല്ലാത്തതിനാൽ വലിയ തുകയാണ് ഈ ഇനത്തിൽ പ്രതിമാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. KSEB, KWA എന്നിവയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-21/14-11-16 ന് മറുപടി നൽകിയിട്ടില്ല)

## 3-2 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് ധനസഹായം- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ജി.ഒ.(എം.എസ്) 188/2015 ത.സ്വ.ഭവ 08-06-2015 ഉത്തരവിന്റെ അടിസ്ഥാനത്തിലും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18-5-15 ലെ എ4 -12082/15 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും എടപ്പാൾ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് 10000രൂപ നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ 929697/25-9-15 SBT ചങ്ങരംകുളം) നിശ്ചിത ആവശ്യങ്ങൾക്കു മാത്രം തുക വിനിയോഗിക്കേണ്ടതാണെന്നും വിനിയോഗ വിവരം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 സാമൂഹ്യ ക്ഷേമ പദ്ധതികളുടെ കാര്യപ്രാപ്തി.

വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളുടെ എണ്ണവും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ഖണ്ഡിക 1-8 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ലഭിച്ച അപേക്ഷകളുടെയും തീർപ്പു കൽപ്പിച്ചവയുടെയും സംഗ്രഹം ചുവടെ കൊടുക്കുന്നു.

| ക്രമ. നം. | പദ്ധതി | ലഭിച്ച അപേക്ഷകൾ | സമയ പരിധിക്കകം തീരുമാനമെടുത്തവ | നിരസിച്ചവ | തീരുമാനമെടുക്കാൻ ബാക്കി |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 11 | 9 | 2 | - |
| 2 | തൊഴിൽ രഹിത വേതനം | 5 | 2 | 3 | - |
| 3 | വിധവ പെൻഷൻ | 119 | 100 | 7 | 12 |
| 4 | വാർദ്ധക്യ കാല പെൻഷൻ | 348 | 312 | 23 | 13 |
| 5 | വികലാംഗ പെൻഷൻ | 23 | 17 | 6 | - |
| 6 | വിവാഹ ധനസഹായം | 7 | 3 | 3 | 1 |
| 7 | 50 കഴിഞ്ഞ അവിവാഹിത പെൻഷൻ | 6 | 2 | 3 | 1 |

വിധവാ പെൻഷനു ലഭിച്ച അപേക്ഷകളിൽ 12 എണ്ണവും വാർദ്ധക്യ കാല പെൻഷനിൽ 13 എണ്ണവും വിവാഹ ധനസഹായം, അവിവാഹിത പെൻഷനുകളിൽ ഓരോന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്.

## 3-4 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ്

ഓഡിറ്റ് വർഷം 206 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 172 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്.(84%). വകയിരുത്തിയ തുകയുടെ 45.76% മാത്രമാണ് ചെലവഴിച്ചത്. നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഏറ്റെടുത്ത പ്രൊജക്ടുകളൊന്നും പൂർത്തിയാക്കിയിട്ടില്ല. ഏറ്റെടുത്ത പ്രൊജക്ടുകളിലെ വ്യക്തിഗത ഗുണഭോക്താക്കൾ കരാറിലേർപ്പെടുന്നതിലും ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിലും ഉണ്ടായ കാലതാമസം ഇതിനു കാരണമാണ്. ആകെ അടങ്കൽ തുകയുടെ 38.31% മാത്രമാണ് വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ചെലവഴിച്ചത്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അംഗീകാരം ലഭിച്ച 24 ൽ 16 പ്രൊജക്ടുകൾ മാത്രമാണ് പൂർത്തിയാക്കിയത്. ( ചെലവ് ശതമാനം 83.5). അസിസ്റ്റന്റ് എഞ്ചിനീയർ ഒട്ടാകെ 7.37 കോടി രൂപ അടങ്കൽ വരുന്ന 144 പ്രൊജക്ടുകളിൽ 124 എണ്ണമാണ് പൂർത്തിയാക്കിയത്. ചെലവ് 36.27 % മാത്രം. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി പദ്ധതികളും ഗുണഭോക്തൃ പട്ടികയും കൈമാറുകയും സാമ്പത്തിക വർഷാവസാനത്തോടെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് കഴിയുംവിധം ആസൂത്രണ നടപടികൾ കൈക്കൊണ്ടാൽ മാത്രമേ പദ്ധതികൾ ലക്ഷ്യ പ്രാപ്തിയിലെത്തുകയുള്ളൂ. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ- അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ ചില അപാകതകൾ കാണുന്നു. വിശദ വിവരം താഴെ

| ക്രമ നമ്പർ | പ്രോജക്ട് | ചെലവഴിച്ചതുക | ബിൽ നമ്പർ | അപാകതകൾ |
|---|---|---|---|---|
| 1 | ഇ സാക്ഷരത(S0101/16) | 52000(തനത്ഫണ്ട്)+100000 (പണിക്കർഫൗണ്ടേഷൻ വിഹിതം) | 39/17-6-15 | 1)പണിക്കർഫൗണ്ടേഷനുമായി ചേർന്ന് 1,52,000രൂപ ചെലവഴിച്ച് 19 ടാബുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.<br>2.ഈ പദ്ധതി മുഖേന ഈ പഞ്ചായത്തിൽ നിന്നും പരിശീലനം നേടിയ ആളുകളുടെ വിവരം ലഭ്യമല്ല. |
| 2 | IAYവിഹിതം അടവാക്കൽ(S04/16) | 2636450 (1600000 +23500 +1012950) | 1/15-16 /30-6-15, 12/15-16 /4-10-15, 21/15-16 /23-11-15 | പ്രസ്തുത തുക വിനിയോഗിച്ച് കരാർ ചമച്ച ഈ പഞ്ചായത്തിലെ ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല.ഈ തുക വിനിയോഗിച്ചു എന്നുള്ള സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത് |
| 3 | SSAവിഹിതം അടവാക്കൽ(S028/16) | 900000 | 13/15-16 /19-10-15 | പ്രസ്തുത തുക വിനിയോഗിച്ച്ഈ പഞ്ചായത്തിലെ സ്കൂളുകളിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം ലഭ്യമല്ല |
| 4 | ചങ്ങരംകുളം സാംസ്കാരിക സമിതി ഗ്രന്ഥശാലക്ക് പുസ്തകം വാങ്ങൽ(S0206/16) | 15,318 | 37/15-16 /30-3-16 (CFC) | പുസ്തകങ്ങൾ വാങ്ങി ആയവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെരേഖകൾ ലഭ്യമല്ല. |
| | ആകെ | 3603768 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ-22/14-11-16 ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 36,03,768 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുമ്പ് മരുന്നു വാങ്ങി.

പ്രോജക്ട് നമ്പർ S0007/16 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന്

അടങ്കൽ - 1,00,000 (വികസന ഫണ്ട്)

ബിൽ നമ്പർ 1/15-16 തി.16.10.2015 (1,00,000)

നിർവ്വഹണം- മെഡിക്കൽ ഓഫീസർ ഹോമിയോ

സ.ഉ.(എം.എസ്.)നം.362/2013ത.സ്വ.ഭ.വ. തി. 16.11.2013 പദ്ധതി മാർഗ്ഗ രേഖ പ്രകാരം ആരോഗ്യ കേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ മുടക്കം കൂടാതെ ആരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കണം. വിതരണം ചെയ്ത് വരുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ഡി.എം.ഒ.വിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ച് ആലപ്പുഴ സഹകരണ ഹോമിയോ ഫാർമസിയിൽ നിന്നും വാങ്ങാവുന്നതാണ്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ച ശേഷമേ പ്രോജക്ട് തയ്യാറാക്കാവൂ. സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള സംഗതികളിൽ പ്രോജക്ട് അനുമതി ലഭിച്ച ശേഷം എന്നാൽ മരുന്നു വാങ്ങുന്നതിനു മുമ്പ് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചാൽ മതി.

എന്നാൽ മേൽ പ്രോജക്ട് നടപ്പിലാക്കിയത് നടപടിക്രമങ്ങൾ പാലിക്കാതെയാണ്. ബന്ധപ്പെട്ട ഡി.എം.ഒ.വിൽ നിന്ന് മരുന്ന് ലഭ്യത സംബന്ധിച്ച സാക്ഷ്യപത്രം അനുവദിച്ചത് 28.10.2015 നാണ്. അതിനു മുമ്പ് തന്നെ ആലപ്പുഴ സഹകരണ ഹോമിയോ ഫാർമസിയിൽ നിന്നും മരുന്ന് ലഭിക്കുന്നതിന് ചെലവ് തുക പിൻവലിച്ച് ഡി.ഡി.യായി (നം.235891 തി.16.10.2015) അയക്കുകയും മരുന്നിന് ഓർഡർ നൽകുകയും ചെയ്തിരിക്കുന്നു. (നം.68/2015 GHAD തി.20.10.2015)

നടപടിക്രമങ്ങൾ പാലിക്കാതെ മരുന്നു വാങ്ങുവാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/14.11.2016 ന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കിയ വിവരം ഇല്ല. ഈ കാരണങ്ങളാൽ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-7 പരിരക്ഷ – മാർഗ്ഗരേഖ പാലിക്കാതെ ചെലവ് ചെയ്യുന്നു

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S058/16പരിരക്ഷ പദ്ധതിയിൽ' പാലിച്ചിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തി. പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

2) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3) 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. നവമ്പർ 2015 മുതൽ മാർച്ച് 2016 വരെ 5 മാസത്തേക്ക് 250 രൂപ വീതം ആകെ 1250- രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 5/ 15-16/14-1-16 ,7/15-16/26-3-16 )

4. ഹോം കെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണമിനത്തിൽ പരമാവധി 180/- രൂപയേ ചെലവഴിക്കാൻ അനുമതിയുള്ളൂ. എന്നാൽ താഴെ പറയും വി12,490രൂപ അധികം നൽകിയിട്ടുണ്ട്.

| തീയതി | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ചത് | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 02-11-15 | 452 | 272 | 5/15-16 /14-1-16 |
| 04-11-15 | 518 | 338 | -ടി- |
| 10-11-15 | 472 | 292 | -ടി- |
| 11-11-15 | 570 | 390 | -ടി- |
| 20-11-15 | 528 | 348 | -ടി- |
| 23-11-12 | 530 | 350 | -ടി- |
| 24-11-15 | 452 | 272 | -ടി- |
| 25-11-15 | 518 | 338 | -ടി- |
| 27-11-15 | 530 | 350 | -ടി |
| 01-12-15 | 452 | 272 | -ടി- |
| 02-12-15 | 518 | 338 | -ടി- |
| 05-12-15 | 510 | 330 | -ടി- |

| | | | |
|---|---|---|---|
| 07-12-15 | 550 | 370 | -ടി- |
| 08-12-15 | 530 | 350 | -ടി- |
| 15-12-15 | 400 | 220 | -ടി- |
| 16-12-15 | 560 | 380 | -ടി- |
| 21-12-15 | 440 | 260 | -ടി- |
| 22-12-15 | 450 | 270 | -ടി- |
| 23-12-15 | 600 | 420 | -ടി- |
| 28-12-15 | 500 | 320 | -ടി- |
| 29-12-15 | 490 | 310 | -ടി- |
| 5-1-16 | 537 | 357 | 8/15-16 /30-3-16 |
| 09-1-16 | 463 | 283 | -ടി- |
| 11-1-16 | 472 | 292 | -ടി- |
| 12-1-16 | 1252 | 1072 | -ടി- |
| 18-1-16 | 500 | 320 | -ടി- |
| 19-1-16 | 520 | 340 | -ടി- |
| 20-1-16 | 492 | 316 | -ടി- |
| 22-1-16 | 550 | 370 | -ടി- |
| 25-1-16 | 450 | 270 | -ടി- |
| 27-1-16 | 480 | 300 | -ടി- |
| 29-1-16 | 450 | 270 | -ടി- |
| 31-1-16 | 550 | 370 | -ടി- |
| 3-2-16 | 210 | 30 | -ടി- |
| 8-2-16 | 190 | 10 | -ടി- |
| 9-2-16 | 220 | 40 | -ടി- |
| 10-2-16 | 680 | 500 | -ടി- |
| 17-2-16 | 220 | 40 | -ടി- |
| 19-2-16 | 220 | 40 | -ടി- |
| 20-2-16 | 195 | 15 | -ടി- |
| 25-2-16 | 205 | 25 | -ടി- |
| 29-2-16 | 220 | 40 | -ടി- |
| 2-3-16 | 200 | 20 | -ടി- |
| 8-3-16 | 220 | 40 | -ടി- |
| 9-3-16 | 740 | 560 | -ടി- |
| 14-3-16 | 200 | 20 | -ടി- |
| 18-3-16 | 200 | 20 | -ടി- |
| 19-3-16 | 225 | 45 | -ടി- |
| 22-3-16 | 200 | 20 | -ടി- |

| | | | |
|---|---|---|---|
| 25-3-16 | 225 | 45 | -ടി- |
| ആകെ | | 12490 | |

5)- പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. ഈ നിബന്ധന പാലിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-2/9-11-16 ക്ക് നൽകിയ മറുപടിയിൽ അറിവില്ലാത്തത്കൊണ്ടാണ് ഇപ്രകാരം തുക അനുവദിച്ചത് എന്ന് അറിയിച്ചു. പ്രസ്തുത തുക 13740 രൂപ ബന്ധപ്പെട്ട മെഡിക്കൽഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്

## 3-8 പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് ലഭ്യമായില്ല.

2015-16 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 63000 രൂപ KMCLന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ. കാരണം വിശദീകരിക്കേണ്ടതാണ്

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | മരുന്ന് ലഭ്യമാക്കിയത് | ഇനിയും ലഭിക്കാനുള്ളത് |
|---|---|---|---|---|
| പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ (No.S059/16) | 50,000 | 9/15-16 /29-3-16 | - | 50,000 |
| പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ (No.S059/16) | 13,200 | 8/15-16 /29-3-16 | - | 13,200 |
| ആകെ | | | | 63,200 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-3/9-11-16 ന് നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-9 വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിച്ചില്ല.

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പ്രൊജക്ട് നം : S0019/16

അടങ്കൽ : 4,50,000

(ഗ്രാ.പ. 3,00,000/- (വികസന ഫണ്ട്)

75,000 ബ്ലോക്ക് പഞ്ചായത്ത്,

75,000 ജില്ലാ പഞ്ചായത്ത്)

ചെലവ് : 3,00,000/- (ബിൽ നം. 01/2015-16 തീ. 16.12.15)

ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതും വിവിധ ക്ലാസ്സുകളിൽ പഠിക്കുന്നതുമായ 37 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. സ.ഉ(എം.എസ്)362/2013/ത.സ്വ.ഭ.വ തീ. 16.11.2013 ഖ. 5.8 (കുറിപ്പ് 5) പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ പട്ടിക ബന്ധപ്പെട്ട ത.സ്വ.ഭ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും, ഗ്രാമസഭയിൽ വെച്ച് അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ ഈ ആനുകൂല്യം നേടിയവരെ ഗ്രാമസഭ അംഗീകരിച്ചതായി കാണുന്നില്ല.

ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14 ന് നൽകിയ മറുപടിയിൽ ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്തിന് നൽകിയിട്ടുണ്ടെന്നും അതിന്റെ രേഖകൾ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല എന്നുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സംഗതിയിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന അധികാരസ്ഥാനങ്ങൾ അല്ലെന്നും അംഗീകരിക്കുന്നതിനുള്ള അധികാരസ്ഥാനങ്ങൾ മാത്രമാണെന്നും ഗ്രാമസഭക്കാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അധികാരം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതാണ്.

## 3-10 വിദ്യാ ജ്യോതി (പഠന പിന്നോക്കക്കാർക്കുള്ള സഹപഠന പദ്ധതി)-മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പ്രോജക്ട് നമ്പർ- S0022/16

അടങ്കൽ-80,000 (വികസന ഫണ്ട്)

ബിൽ നമ്പർ-7/2015-16 തി.29.02.16

നിർവ്വഹണം-ഹെഡ്മാസ്ററർ

പഞ്ചായത്ത് പരിധിയിലെ എൽ.പി.യു.പി സ്കൂളകളുകളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ തയ്യാറാക്കിയിട്ടുള്ള പ്രോജക്ടാണിത്. GO(MS)362/2013/LSGD/16.11.13 പ്രകാരം (ഖണ്ഡിക 6.1) പഞ്ചായത്ത് പരിധിയിലുള്ള എൽ.പി, യു.പി (ഹൈസ്കൂൾ ഇല്ലാത്തവ) സ്കൂൾ വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്ന് മാർഗ്ഗരേഖയ്ക്ക് വിധേയമായി ഗ്രാമ പഞ്ചായത്തുകൾക്ക് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്

1.മുഴുവൻ എൽ.പി.യു.പി സ്കൂളുകളുടെയും അടിസ്ഥാനസൗകര്യ വികസനം ഒരുക്കൽ
2.ഗുണനിലവാരം ഉയർത്തുന്നതിൻെറ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ എസ്.എസ്.എ യുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി (ആവർത്തനം ഒഴിവാക്കി) നടപ്പിലാക്കാവുന്നതാണ്

3.ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടുകൂടി പ്രവർത്തിക്കാൻ കഴിവുള്ള അദ്ധ്യാപകർ, വിദ്യാസമ്പന്നരായ യുവതിയുവാക്കൾ എന്നിവരെ ഉപയോഗപ്പെടുത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം കോച്ചിങ് നൽകൽ, സന്നദ്ധ സേവനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പുറമേയുള്ള യോഗ്യരായ അദ്ധ്യാപകരുടെ സേവനത്തിന് പരമാവധി പ്രതിവർഷം 3000/-രൂപ നിരക്കിൽ വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്

4. അദ്ധ്യാപക പരിശീലനങ്ങൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റ് പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് സർക്കാർ അനുമതി വാങ്ങിച്ചിരിക്കേണ്ടതാണ്.

5.GO(MS)362/2013/LSGD/16.11.13 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിൽ (പൊതു നിബന്ധന2.2)പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ സബ്സിഡി നൽകുന്നതിന് സർക്കാരിൽ നിന്ന് മുൻകൂട്ടി അനുമതി വാങ്ങിയിരിക്കണം.
2015-16 സാമ്പത്തിക വർഷത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള സഹ പഠന പദ്ധതി എന്ന പേരിൽ പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. വിവിധ സ്കൂളുകൾക്ക് ആണ് തുക അനുവദിച്ചിട്ടുള്ളത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 12 സ്കൂളുകൾക്കായി തുക നൽകിയതിൽ 11 സ്കൂളുകൾ ഹാജരാക്കിയ ചെലവ് രേഖയുടെ വിശദവിവരം ചുവടെ ചേർക്കുന്നു

| ക്ര.നം. | സ്കൂൾ | ലഘുഭക്ഷണം | സ്റ്റേഷനറി | ആകെ(അനുവദിച്ചത്) |
|---|---|---|---|---|
| 1 | ALPS ആലംങ്കോട് | 2088 | 4520 | 6200 |
| 2 | GLPS ചിയ്യന്നൂർ | 2185 | 5090 | 6200 |

| | | | | |
|---|---|---|---|---|
| 3 | GLPS കക്കിടിപ്പുറം | 4830 | 420 | 6200 |
| 4 | LPS ആലംകോട് | 2399 | 3881 | 6200 |
| 5 | ALPS ചിയ്യന്നൂർ | 2898 | 3861 | 6200 |
| 6 | AMLPS കോക്കൂർ | 2402 | 4049 | 6200 |
| 7 | BTMUPS ആലംകോട് | 2070 | 4150 | 6200 |
| 8 | GUPS ഒതളൂർ | 10206 | 125 | 6200 |
| 9 | AMLPS കക്കിടിപ്പുറം | 3000 | 3800 | 6200 |
| 10 | AMLPS പന്താവൂർ | 2106 | 4105 | 6200 |
| 11 | AMLPS ഒതളൂർ സൗത്ത് | 2100 | 4144 | 6200 |
| 12 | ALPS പെരുമുക്ക് | 1339 | 5478 | 6200 |
| | ലേണിംഗ് മെറ്റീരിയൽ പ്രിന്റിംഗ് | | | 5600 |
| | ആകെ | 35517 | 43623 | 80000 |

പ്രധാനമായും വിഹിതം ചെലവഴിച്ചിട്ടുള്ളത് ഭക്ഷണത്തിന് ആണെന്നത് ശ്രദ്ധേയമാണ്. പദ്ധതി വിഹിതം ഭക്ഷണം നൽകുന്നതിന് ഉപയോഗിക്കാവുന്നതല്ലെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം-7/14.11.16) സമർപ്പിച്ച മറുപടി പരാമർശം സാധൂകരിക്കത്തക്കതല്ല.

സർക്കാർ മുൻകൂർ അനുമതിയില്ലാതെ മാർഗ്ഗരേഖക്ക് വിരുദ്ധമായി സ്റ്റേഷനറി, പ്രിന്റിംഗ് എന്നിവക്ക് ചെലവഴിച്ച 49,223/-രൂപ (43623 + 5600) നിരാകരിക്കുന്നു. നഷ്ട തുക ഉത്തരവാദിയായ ഹെഡ്മാസ്റ്ററിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-11 വീട് വെക്കാൻ ഭൂമി വാങ്ങൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെയും സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെയും തുക അനുവദിച്ചു

പ്രോജക്ട് നമ്പർ S0013/16 വീട് വെക്കാൻ ഭൂമി വാങ്ങൽ

അടങ്കൽ - 6 ലക്ഷം

ബിൽ നമ്പർ 8/15-16 തി.30.3.2016 (1,50,000)

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

സ.ഉ.(എം.എസ്.)നം.362/2013ത.സ്വ.ഭ.വ. തി. 16.11.2013 അനുബന്ധം 16 ലെ ക്രമ.നം. 3.6ലെ 3 പ്രകാരം വീടിന് സ്ഥലം ഗുണഭോക്താക്കൾ കണ്ടെത്തി സ്വയം വാങ്ങൽ ഗ്രാമ പ്രദേശം മാനദണ്ഡ പ്രകാരം വീട് നിർമ്മിക്കുന്നതിന് മിനിമം സ്ഥലം പരമ്പരാഗത കുടുംബത്തിൽ നിന്നോ അച്ഛൻ-അമ്മ എന്നിവരിൽ നിന്നോ അനന്തരാവകാശം ലഭിക്കാൻ അവകാശമില്ലാത്തവരായിരിക്കണം. സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യയും ഭർത്താവും വാങ്ങുന്ന സ്ഥലം ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങണം. സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യാ ഭർത്താക്കൻമാരുടെ അഛനമ്മമാരിൽ നിന്നോ സഹോദരി-സഹോദരൻമാരിൽ നിന്നോ വാങ്ങുന്ന സ്ഥലത്തിന് ധനസഹായം ലഭിക്കുകയില്ല.

02.10.1997 – ലെ ജി.ഒ.(പി)നം.220/1997/ത.ഭ.വ., 02.09.1998 - ലെ ജി.ഒ.(പി)നം.181/1998/ത.സ്വ.ഭ.വ. - പ്രകാരം പരിഷ്കരിച്ച ഗുണഭോക്തൃതെരഞ്ഞെടുപ്പ് മാർഗ്ഗരേഖകൾ അനുസരിച്ച്, ഗ്രാമ സഭകളിൽ ചർച്ച ചെയ്ത് യോഗ്യതാ-മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിനുശേഷം ഗ്രാമ പഞ്ചായത്ത് മൊത്തത്തിൽ തയ്യാറാക്കിയതും ഭരണസമിതി അംഗീകരിച്ചതുമായ ഗുണഭോക്തൃലിസ്റ്റ് യാതൊരു കാരണവശാലും മാറ്റം വരുത്താൻ പാടില്ലായെന്ന് 04.08.2003 – ലെ 34704/ഡി.പി..1/2003/ത.സ്വ.ഭ.വ. - നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം സബ്സിഡി ആനുകൂല്യം നൽകിയിരിക്കുന്നത് ശ്രീമതി. അർഷ.ടി.കെ. w/o ഷൈജു എന്ന

വ്യക്തിക്കാണ്. ടി വ്യക്തി ഗ്രാമ പഞ്ചായത്ത് 22.12.2015 ന് അംഗീകാരം നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ (എസ്.സി.ഭൂമി വാങ്ങൽ) ഉൾപ്പെട്ടിട്ടില്ല. പ്രോജക്ട് ഫയലിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ അപേക്ഷക അർഷ, D/oകുമാരൻ തെക്കേത്ത് വളപ്പിൽ എന്നവർ ഭൂരഹിതായായെന്ന് ആലംകോട് വില്ലേജ് ഓഫീസറുടെ 14.03.2016ലെ 340/2016 നമ്പർ പ്രകാരം സാക്ഷ്യ പത്രം നൽകിയിട്ടുണ്ട്. ഇവരുടെ ഭർത്താവ് ഷൈജു S/oകോർമ്മൻ, മണാട്ടു വളപ്പിൽ ഭൂരഹിതാണെന്ന് ആലംകോട് വില്ലേജ് ഓഫീസറുടെ 14.03.2016ലെ 339/2016 നമ്പർ പ്രകാരം സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ വ്യക്തി ഭൂമി വാങ്ങിയിരിക്കുന്നത് ശ്രീ. കോർമ്മൻ, മണാട്ടു വളപ്പിൽ എന്ന വ്യക്തിയുടെ ഒതളൂരിലെ സർവ്വേ നമ്പർ 172/7 ലെ 1.21 ആർ ഭൂമിയാണ് (₹150000 വിലയ്ക്ക്) ₹ 150000 ശ്രീ.കോർമ്മന് നൽകിയിട്ടുണ്ട്. (ഡി.ഡി. നമ്പർ 237765 തി.4.4.2016). ശ്രീ.കോർമ്മൻ, മണാട്ടു വളപ്പിൽ ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയുടെ ഭർത്താവിന്റെ അച്ഛനാണ്. ഇപ്രകാരം സാമ്പത്തിക ആനുകൂല്യം കൈപ്പറ്റുന്നത് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യയും ഭർത്താവും വാങ്ങുന്ന സ്ഥലം ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങണം എന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഭാര്യയുടെ പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഭർത്താവിന്റെ ഭൂരഹിതാനാണെന്ന സാക്ഷ്യപത്രം അല്ലാതെ വേറെ ഒരു രേഖയും ഫയലിൽ ലഭ്യമല്ല.

ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റിൽ 36 പേർ ഉണ്ടായിരിക്കേ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും ഭൂമി വാങ്ങിയതിന് സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18 തി. 14-11-2016 ന് സമർപ്പിച്ച മറുപടി പരാമർശം സാധൂകരിക്കത്തക്കതല്ല. ചെലവ് തുക ₹ 1,50,000 നിരാകരിക്കുന്നു. നഷ്ട തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-12 അനുപൂരകപോഷകാഹാരവിതരണം- അപാകതകൾ

പ്രോജക്ടിന്റെ പേര്, നമ്പർ - അനുപൂരക പോഷകാഹാര വിതരണം (16/2016)

നിർവ്വഹണഉദ്യോഗസ്ഥൻ - ഐ.സിഡിഎസ് സൂപ്പർവൈസർ

ട്രഷറിബിൽ നം, തുക - 2/15-16 / 23.11.15 , 375210/-

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

ആവശ്യമായ ഭക്ഷണ സാധനങ്ങൾ ഇൻഡന്റ് നൽകിയതനുസരിച്ച് സമയാസമയങ്ങളിൽ മാവേലി സ്റ്റോറുകളിൽ നിന്ന് ലഭ്യമാകുന്നില്ല. കൂടാതെ വിതരണം നടത്തുന്നതിനായി മാവേലിസ്റ്റോറിൽ നിന്ന് ലഭ്യമായ ഭക്ഷണ സാധനങ്ങൾ ഇൻവോയ്സ് പ്രകാരമല്ല ഐസിഡിഎസ് സൂപ്പർവൈസർ സ്റ്റോക്കിലെടുത്തിരിക്കുന്നത്. മറിച്ച് സാധനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് മാവേലിസ്റ്റോറിൽ നൽകിയ ഇൻഡന്റ് പ്രകാരമാണ് സ്റ്റോക്കിലെടുത്തിരിക്കുന്നത്. ഇതുമൂലം ഭക്ഷണസാധനങ്ങൾ യഥാർത്ഥത്തിൽ ലഭ്യമായതും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം, തിയതി | ഭക്ഷണ സാധനങ്ങൾ | ഇൻവോയ്സ് പ്രകാരം ലഭിച്ചത് | സ്റ്റോക്കിലെടുത്തത് |
|---|---|---|---|
| 151141 / 16.10.2015 | ചെറുപയർ | 420 kg | 160kg |
| | വെളിച്ചെണ്ണ | 47kg | 95kg |
| | മിൽമ പാൽപൊടി | 120kg | 114kg |
| | ഗോതമ്പ് നുറുക്ക് | 500kg | 725kg |
| | നിലക്കടല | 425kg | 385kg |
| | പച്ചരി | 260kg | 1190kg |
| | ശർക്കര | 620kg | 744kg |

യഥാർത്ഥത്തിൽ ലഭ്യമായ ഭക്ഷ്യവസ്തുക്കൾ മാത്രം സ്റ്റോക്കിലെടുത്ത് വിതരണം നടത്തി മേൽ സൂചിപ്പിച്ച

അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

## 3-13 ഗോക്കൾക്ക് വേനൽക്കാല പരിരക്ഷ -കാലം തെറ്റി നടപ്പിലാക്കുന്നതിനാൽ ഫലപ്രാപ്തിയിലെത്തുന്നില്ല.

പ്രോജക്റ്റിന്റെ പേര്, നമ്പർ - ഗോക്കൾക്ക് വേനൽക്കാല പരിരക്ഷ (S0025/ 16)

അടങ്കൽ 2,00,000 രൂപ

ട്രഷറിബിൽ നം, തുക - JA2/2015-16 / 29.3.16 , 50000/-

ഗുണഭോക്തൃവിഹിതം - 148000/-

ഗ്രാമപഞ്ചായത്ത് വിഹിതം - 50000/- വികസന ഫണ്ട് ജനറൽ)

20 ഗുണഭോക്താക്കൾക്കായി(ഒരാൾക്ക് 2500/- സബ്സീഡി) ഒരുമാസം 2 ചാക്ക് തീറ്റവീതം (ജനുവരിമുതൽമെയ് വരെയുള്ള 5മാസങ്ങളിൽ) പശുക്കളുടെ വേനൽക്കാല പരിരക്ഷക്കായി നൽകാനായി (5 തവണയായി 10ചാക്ക് കാലിത്തീറ്റ) ലക്ഷ്യം വച്ച മേൽ പ്രോജക്റ്റ് കാലം തെറ്റിയാണ് നടപ്പാക്കിയിട്ടുള്ളത്. മഴക്കാലത്തിനു തൊട്ടുമുൻപായി മെയ് മാസത്തിൽ ആരംഭിച്ച തീറ്റ വിതരണം മഴക്കാലം മുഴുവൻ തുടർന്ന് നൽകുകയും ഇപ്പോഴും (നവംബർ2016) തുടരുകയും ആണ്. മേൽ പ്രോജക്റ്റ് മഴക്കാലത്ത് നടപ്പിലാക്കുക വഴി വേനൽക്കാല പരിരക്ഷ എന്നത് അർത്ഥശൂന്യമായിരിക്കുകയാണ്. പ്രോജക്റ്റ് വഴി വിഭാവനം ചെയ്ത ലക്ഷ്യം സാക്ഷാത്കരിക്കാനായില്ല. ഭാവിയിൽ പ്രോജക്റ്റുകൾ തയ്യാറാക്കി നടപ്പിലാക്കുമ്പോൾ കൂടുതൽ ദീർഘവീക്ഷണത്തോടെ പ്രാവർത്തികമാക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 വാഴക്കന്ന് വിതരണപ്രോജക്റ്റ് അപാകതകൾ

(1)പ്രോജക്റ്റ് നം - S0032/16

പ്രോജക്റ്റിന്റെപേര് - വാഴക്കന്ന് വിതരണം (എസ് സിപി)

അടങ്കൽ - 72000/- (ഗ്രാമപഞ്ചായത്ത് വിഹിതം- 50000/-, ഗുണഭോക്തൃവിഹിതം - 22000/-)

ട്രഷറിബിൽനം, തുക – AKD5/15-16 /14.3.16 , 50000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷിഓഫീസർ (കെ.ഇർഫാന)

(2) പ്രോജക്റ്റ് നം - S0036/16

പ്രോജക്റ്റിന്റെപേര് - വാഴക്കന്ന് വിതരണം(ജനറൽ)

അടങ്കൽ - 72000/- (ഗ്രാമപഞ്ചായത്ത് വിഹിതം- 50000/-, ഗുണഭോക്തൃവിഹിതം 22000/-)

ട്രഷറിബിൽനം, തുക – AKD4/15-16 /27.2.16 , 50000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷിഓഫീസർ (അശ്വതിദേവ്)

കൃഷിഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു. ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം ശേഖരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതം അടവാക്കിയതിന് ഗുണഭോക്താക്കൾക്ക് രശീതി നൽകിയിട്ടില്ല. ഒന്നാം പ്രോജക്റ്റിന്റെ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതിനു പകരം വാഴക്കന്ന് വിതരണം ചെയ്ത അഗ്രോസർവ്വീസ് സെന്റർ പെരുമ്പടപ്പിന്റെ പേരിൽ ചങ്ങരംകുളം സർവ്വീസ് സഹകരണബാങ്കിൽ നേരിട്ട് അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ ഈ പ്രോജക്റ്റിന്റെ നിർവ്വഹണച്ചുമതല നിർവ്വഹിച്ചിട്ടുള്ളത് കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ച കൃഷി ഓഫീസറാണ്. രണ്ടാം പ്രോജക്റ്റിൽ കർഷരിൽ നിന്ന് ശേഖരിച്ച ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കി പിന്നീട് അവിടെ നിന്ന് വാഴക്കന്ന് വിതരണം ചെയ്ത മഞ്ചേരി VFPCK യിൽ നേരിട്ട് അടവാക്കുകയാണുണ്ടായത്.
ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃത്യമായ മാർഗ്ഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്

## 3-15 ഇ.എം.എസ് ഭവന നിർമ്മാണ പ്രൊജക്റ്റ്- ഭവനങ്ങൾ നിർമ്മാണം പൂർത്തിയാകാതെ അവശേഷിക്കുന്നു

ഇ.എം.എസ് ഭവന നിർമ്മാണം സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് വിവിധ വർഷങ്ങളിൽ ആരംഭിച്ച ഭവന നിർമ്മാണ പ്രൊജക്റ്റുകളിൽ വർഷങ്ങൾ കഴിഞ്ഞിട്ടും മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തികരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആകെ നൽകിയ തുക | അവസാനം നൽകിയ തുക/തിയ്യതി | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | സിദ്ധീഖ് s/o മരക്കാർ | 67500 | 15000/20.01.2012 | 7500 |

| | | | | |
|---|---|---|---|---|
| | ആലംങ്കോട് | | | |
| 2 | ഉമ്മർ പള്ളിപ്പറമ്പിൽ, കാളച്ചാൽ | 67500 | 15000/10.5.2011 | 7500 |
| 3 | സുബൈദ, കരുവാട്ടിൽ | 67500 | 15000/12.7.2010 | 7500 |
| 4 | ഉമ്മർ വടക്കേകര | 67500 | 15000/23.6.2011 | 7500 |
| 5 | മറിയകുട്ടി മുസ്തഫ, അച്ചാരത്ത് | 67500 | 15000/4.8.2010 | 7500 |
| 6 | മോഹനൻ, പടിഞ്ഞാറെ വീട്ടിൽ | 52500 | 30000/19.3.2010 | 22500 |
| 7 | അബു ആലത്തേതിൽ | 52500 | 30000/13.8.2010 | 22500 |
| 8 | മുഹമ്മദ്, മാത്തിപറമ്പിൽ, പാവിട്ടപുറം | 52500 | 30000/30.10.2012 | 22500 |
| 9 | മുഹമ്മദ്, അത്താണിക്കൽ | 67500 | 15000/20.10.2011 | 7500 |
| 10 | മോഹിനി,താഴെത്തെ പുരക്കൽ | 87500 | 22500/29.03.2011 | 112500 |
| 11 | ജാനകി ബാലൻ,ഭഗവതി പറമ്പിൽ | 52500 | 30000/14.7.2010 | 22500 |
| 12 | സുലൈമാൻ, പള്ളിപറമ്പിൽ,കാളച്ചാൽ | 67500 | 15000/13.9.2010 | 7500 |
| 13 | കുഞ്ഞമ്മു, ഭഗവതിപറമ്പിൽ | 22500 | 22500/18.3.2010 | 52500 |
| 14 | മറിയു, തൈപറമ്പിൽ | 67500 | 15000/31.3.2012 | 7500 |
| 15 | ആമിന, കൊളാടിക്കൽ | 22500 | 22500/20.3.2010 | 52500 |
| 16 | മൊയ്തുണ്ണി വടക്കത്ത് പറമ്പിൽ | 22500 | 22500/31.5.2010 | 52500 |
| 17 | മുഹമ്മദ് ഹുസൈൻ , കുന്നനയിൽ | 22500 | 22500/31.5.2010 | 52500 |
| 18 | ഹംസ,ചെറിയാനിക്കൽ | 52500 | 30000/21.7.2010 | 22500 |
| 19 | ആയിശ, മനക്കപറമ്പിൽ | 67500 | 15000/3.11.2011 | 7500 |
| 20 | വേണുഗോപാലൻ,ഇല്ലത്തുവളപ്പിൽ | 67500 | 15000/3.6.2010 | 7500 |
| 21 | മൊയ്തു, പാളിക്കാട്ടിൽ | 67500 | 15000/3.11.2011 | 7500 |
| 22 | സിദ്ധീഖ്, കൊളാടിക്കൽ | 52500 | 30000/29.3.2011 | 22500 |
| 23 | റസിയ,കൈപ്രവളപ്പിൽ | 100000 | 40000/205.2013 | 100000 |
| 24 | ബിന്ദു, വൈലത്തൂർ | 180000 | 60000/23.7.2014 | 20000 |
| 25 | തെയ്യുണ്ണി, വടക്കത്ത് പറമ്പിൽ | 67500 | 35000/5.5.2011 | 7500 |
| 26 | സുബൈദ, മുക്കുന്നത്ത് ആലംകോട് | 52500 | 22500/31.5.2010 | 52500 |
| 27 | നാണി ഉമ്മത്താഴത്ത് | 22500 | 22500/31.5.2010 | 52500 |

ആവശ്യമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ സമ്പൂർണ്ണ ഭവന നിർമ്മാണ പ്രൊജക്റ്റ് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 3-16 മരാമത്ത് പ്രവർത്തികളിൽ പിഴ ഈടാക്കാത്തത് -നഷ്ടം 1,87,666 രൂപ

കരാർ പ്രകാരമുള്ള സമയ പരിധിക്കകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാരിൽ നിന്നും ഈടാക്കേണ്ട പിഴ തുക ഈടാക്കിയതായി കാണുന്നില്ല.2012-ലെ പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം (G.O.(P)No.13/2012/PWD, dtd.01-02-2012)ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്നാൽ പി.എ.സി.യുടെ നിശ്ചിത ശതമാനം ഫൈൻ ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പി.ഡബ്ല്യു.ഡി. മാന്വലിലും, ഗ്രാമപഞ്ചായത്ത് കരാറുകാരനുമായി ഒപ്പുവച്ച കരാർ ഉടമ്പടിയിലും വ്യവസ്ഥ (ക്രമ നം. – 7) ചെയ്തിട്ടുള്ള പ്രകാരം കരാറുകാരന് കരാർ കാലവധി നീട്ടി നൽകുകയോ, ടിയാനുള്ള ബില്ലിൽനിന്നും ക്രമ പ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാറുകാരുമായി ഒപ്പുവെച്ച കരാർ വ്യവസ്ഥകൾ (6)പ്രകാരം കരാറുടമ്പടി വെച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലം ഏറ്റു വാങ്ങുകയും, സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുന്നതിനും കരാറുടമ്പടിയുടെ ഭാഗമായി വെച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്.വ്യവസ്ഥ 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്ന് സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ

തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാൻ പാടുള്ളൂ. കരാറുകാരോ കൺവീനർമാരോ ആവശ്യപ്പെടാതെയും മുൻകൂട്ടികാണാൻ കഴിയാത്ത ഏതെങ്കിലും കാരണങ്ങൾ ഇല്ലാതെയും വൈകി പൂർത്തിയാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

1. പ്രൊജക്ട് 225/2013 (81/2013) വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം (ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിലാണ് നിലവിൽ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നത്. പുതിയ ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനത്തിന് സൗകര്യപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസ് ബസ്സ്റ്റാന്റിന് സമീപത്തേക്ക് മാറ്റുന്നതിനാണ് പുതിയ കെട്ടിടം നിർമ്മിച്ചതായി കാണുന്നത്. ആയതിന് സർക്കാർ അനുമതി സംബന്ധിച്ച വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്).

പി.എ.സി. 20 ലക്ഷം (തനത് ഫണ്ട്)
കരാറുകാരൻ – വി.പി.ഗോപിനാഥൻ

കരാർ. 97/12-13 dt 27-3-13

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി -26-3-14

പൂർത്തീകരിച്ച തിയതി -3-7-15
എം ബുക്ക്- 86/12-13

വൗച്ചർന/ചെക്ക് നമ്പർ- തിയതി, തുക -0017127/26-2-16 , 19,74,217 രൂപ

*ഈടാക്കേണ്ടപിഴ-*

27-3-14 മുതൽ 26-6-14വരെ 3മാസം- 20,00,000X1%=20,000 രൂപ , 15,000 ( പരിമിതപ്പെടുത്തി)

27-6-14മുതൽ 26-9-14വരെ 3മാസം- 20,00,000x2%= 40,000 രൂപ, 30,000 ( പരിമിതപ്പെടുത്തി)

27-9-14മുതൽ 26.12.14വരെ – 20,00,000x2%= 40,000 രൂപ, 30,000 ( പരിമിതപ്പെടുത്തി)

27-12-14മുതൽ 26.03.15വരെ – 20,00,000x2%= 40,000 രൂപ, 30,000 ( പരിമിതപ്പെടുത്തി)

27-3-15മുതൽ 26.6.15വരെ – 20,00,000x2%= 40,000 രൂപ, 30,000 ( പരിമിതപ്പെടുത്തി)

27-6-15മുതൽ 2-7-15വരെ – 20,00,000x2%x6/90 = 2666 രൂപ,
ആകെ 1,37,666 രൂപ

2. പ്രൊജക്ട് .69/16 (105/15) എച്ച്.സി ഐ.പി.പി വാർഡ് റിനോവേഷൻ

പി.എ.സി. 10 ലക്ഷം

കരാർ. 69/16-1-15

പൂർത്തീകരണം 18-3-16
കരാറുകാരൻ – ശ്രീ. എം.വി. കർണ്ണൻ

പൂർത്തീകരിക്കേണ്ട തിയതി – 15-7-15

പൂർത്തീകരിച്ച തിയതി -18-3-16
എം ബുക്ക്-31/14-15

വൗച്ചർന/ചെക്ക് നമ്പർ- തിയതി, തുക -236/29-3-15 , 8,52,466 രൂപ( പാർട്ട് ബിൽ 610850+ഫൈനൽ ബിൽ 241616)

ഈടാക്കേണ്ടപിഴ-

16-7-15 മുതൽ 15-10-15വരെ 3മാസം- 10,00,000X1%=10,000 രൂപ

16-10-15മുതൽ 15-01-16വരെ 3മാസം- 10,00,000x2%= 20,000 രൂപ,

17-01-16മുതൽ 16.03.16വരെ – 10,00,000x2%x60/90= 13,333 രൂപ,
ആകെ 43,333/- രൂപ

പിഴ തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-17 പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണ നടപടികൾ ഡിസൈനിംഗിൽ ഒതുങ്ങി

എസ് 88/2016 നമ്പറായി പഞ്ചായത്ത് ഓഫീസിനായി 3 നിലകളിലായി 1067 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 2 കോടി അടങ്കൽ ഉള്ള പ്രൊജക്റ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ കെട്ടിടം രൂപകൽപ്പന ചെയ്യുന്നതിൽ ഒതുങ്ങി. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും 1.99 കോടി രൂപയും തനത് ഫണ്ടിൽ നിന്നും 1 ലക്ഷം രൂപയുമാണ് വകയിരുത്തിയത്. ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പയുടെ ലഭ്യത ഉറപ്പു വരുത്താതെയാണ് പദ്ധതി തയ്യാറാക്കി അംഗീകാരം നൽകിയത്. തനതു ഫണ്ടിൽ നിന്നും 1 ലക്ഷം രൂപയിൽ 63483 രൂപ കെട്ടിടം രൂപകൽപ്പന ചെയ്യുന്നതിനായി ചെലവഴിച്ചു. (ഡി.ഡി നമ്പർ 235962/27-10-15). തുടർ നടപടികൾ ഇല്ലാത്തതിനാൽ ഡിസൈനിംഗിന് ചെലവഴിച്ച തുക നിഷ്ഫലമായി. തുടർ പ്രവർത്തനങ്ങൾ ഇല്ലാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-18 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കുടുംബശ്രീയും ഗ്രാമപഞ്ചായത്തും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. അവശ ജനവിഭാഗങ്ങൾക്ക് ശാരീരിക മാനസിക സുരക്ഷിതത്വം നൽകുകയും അതുവഴി അവരുടെ ജീവിത പുരോഗതിയും ആണ് ആശ്രയ പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 2004ൽ ആരംഭിച്ച ആദ്യഘട്ടത്തിൽ 60 പേർക്ക് വീടുവെക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകി. കൂടാതെ 66 പേർക്ക് ഇ.എം.എസ്.ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധനസഹായം നൽകി. ഭാഗികമായി മാത്രം ലക്ഷ്യം കൈവരിച്ച ഒന്നാംഘട്ടം 2014 ന് ശേഷം നിശ്ചലമായിരിക്കുകയാണ്.

രണ്ടാം ഘട്ടത്തിൽ153 കുടുംബങ്ങളെ കണ്ടെത്തിയെങ്കിലും ഫണ്ടിന്റെ കുറവ് മൂലം 68 കുടുംബങ്ങൾക്കായി പദ്ധതി തയ്യാറാക്കി. എന്നാൽ ഒരു ഗുണഭോക്താവിനു മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളത്. ആശ്രയ ഗുണഭോക്താക്കളുടെ നിരന്തര ആവശ്യമായ കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിനുള്ള യാതൊരു പദ്ധതിയും ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. ഇതിന്റെ ഫലമായി ആശ്രയ പദ്ധതിയിൽപ്പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെടാതെ നിലനിൽക്കുന്നു.

## 3-19 ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളിൽ ആശുപത്രി വികസന സമിതികൾ രൂപീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിനു കീഴിൽ 3 ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.അതിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം, ആലംകോട് മാത്രമാണ് ആശുപത്രി വികസന സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നത്, ആയുർവേദ ഡിസ്പെൻസറി , ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിൽ വികസന സമിതികൾ രൂപീകരിച്ചിട്ടില്ല. ചട്ട പ്രകാരമുള്ള ആശുപത്രി വികസന സമിതികൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വാർഷിക കണക്കുകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 3-20 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2008-09 സാമ്പത്തിക വർഷം മുതൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവനോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2015-2016 വർഷത്തെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സൂചകങ്ങൾ | വർഷം 2015-16 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2769 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2769 |

| | | |
|---|---|---|
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 233 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 8744750 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 233 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 231 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഇല്ല |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പ്, അഡ്മിൻ ഉൾപ്പെടെ) | 7842093 |
| 9 | തൻവർഷത്തെ ചെലവ് (അഡ്മിൻ ഉൾപ്പെടെ) | 7840794 |
| 10 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 635 |
| 11 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 201 |
| 12 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | ഇല്ല |
| 13 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഇല്ല |
| 14 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട് |
| 15 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | കിണർ നിർമ്മാണം 7 |
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | ഒക്ടോബർ/2016 |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഇല്ല |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്-ജല സംരക്ഷണം | 7 | 132390 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 18 | 1633560 |
| 3 | ചെറുകിട ജലസേചനം | 6 | 346830 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | - | - |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 30 | 1645330 |
| 6 | ഭൂവികസനം | 169 | 2605432 |

| | | | |
|---|---|---|---|
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 2 | 3740 |
| 8 | റൂറൽ കണക്ടിവിറ്റി | 1 | 20560 |
| | ആകെ | 233 | 6387842 |

അവലോകനം

2015-16 വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | | 2015-16 |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 8935000 |
| 2 | ചെലവഴിച്ച തുക | 6387842 |
| 3 | ശതമാനം | 71.49 |
| 4 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2769 |
| 5 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 635 |
| 6 | ശതമാനം | 22.93 |
| 7 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 201 |
| 8 | തൻവർഷം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ? | 7 കിണറുകൾ |

അപാകതകൾ

1. തൊഴിൽ കാർഡ് രജിസ്റ്റർ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി പൂർത്തീകരിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, എന്നിവ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

2. രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് 100 ദിവസത്തെ തൊഴിൽ നൽകിയില്ല.

ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ദേശീയ തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറായ ഓരോ കുടുംബത്തിനും സർക്കാർ ഒരു സാമ്പത്തിക വർഷം നൂറ് ദിവസത്തിൽ കുറയാതെ തൊഴിൽ നൽകേണ്ടതാണ്. 2015-16 വർഷത്തിൽ 201 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽദിനങ്ങൾ നൽകുവാൻ കഴിഞ്ഞത്. നിയമാനുസൃതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | ഇല്ല |
| ബ്ളോക്ക് പഞ്ചായത്ത് പെരുമ്പടപ്പ് | 2015-16 | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 17 ലക്ഷം രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിങ്ങ് കോംപ്ളക്സ്അനുബന്ധ സൗകര്യങ്ങൾവർദ്ധിപ്പിക്കൽ | KURDFC/GP/ 156/07/11.3.16 | 17,00,000 | 71,08,661 | 12,30,960 | 8,10,056 | 75,77,701 |
| ഇ.എം.എസ്.ഭവനപദ്ധതി | | 8,504 | 50,24,000 | 12,50,000 | 2,15,728 | 37,82,504 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14,600 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 14600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 14600 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വറ്റിഷെയറുകൾ | 14600 |
| ആകെ | 14600 |

വാർഷിക കണക്കുകളിൽ പ്രസ്താവിക്കുന്ന സ്ഥിരനിക്ഷേപം സംബന്ധിച്ച രേഖകൾ ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2003-04 | പൊതു പരാമർശം | ട്രാക്ടർ വാങ്ങിയതിലെ അപാകത | നടപടി തുടരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 49524989 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 57513309 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 37834 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 199223 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3830451 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 12771 | | ശ്രീ.മുകുന്ദൻ.കെ, സെക്രട്ടറി – 7662<br>ശ്രീ.നന്ദകുമാർ.കെ., സെക്രട്ടറി – 5109 |
| 2-3 | 25063 | | ശ്രീ.മുകുന്ദൻ.കെ, സെക്രട്ടറി |
| 3-10 | | 49223 | ശ്രീ.കെ.സുരേഷ്, ഹെഡ്മാസ്റ്റർ |

| | | | |
|---|---|---|---|
| 3-11 | | 150000 | ശ്രീ.നന്ദകുമാർ.കെ., അസി.സെക്രട്ടറി |
| | 37834 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 3603768 | ശ്രീ.മുകുന്ദൻ.കെ, സെക്രട്ടറി (3588447)<br>ശ്രീ.നന്ദകുമാർ.കെ., സെക്രട്ടറി (15318) |
| 3-6 | 100000 | ഡോ.സിന്ധു.പി.വി., മെഡിക്കൽ ഓഫീസർ |
| 3-8 | 63200 | ഡോ.നിഗാർ കാസിം, മെഡിക്കൽ ഓഫീസർ |
| 3-17 | 63483 | ശ്രീ.എം.കെ. സന്തോഷ് കുമാർ, അസി. എഞ്ചിനീയർ |
| ആകെ | 3830451 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 2-2 | 642 | ലൈബ്രറി സെസ് |
| 2-3 | 1211 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1.ശ്രീ.മുകുന്ദൻ.കെ., സെക്രട്ടറി | റിട്ടയർ ചെയ്തു | കുറ്റിയാട്ടിൽ ഹൗസ്, കാലടി. (പി.ഒ) മലപ്പുറം |
| 2. ശ്രീ.നന്ദകുമാർ | സെക്രട്ടറി ഇൻ ചാർജ്ജ് | ആനേടത്ത് വീട്, പി.ഒ. പാവറട്ടി, തൃശ്ശൂർ |
| 3. ശ്രീ.സുരേഷ്.കെ | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് | കിഴപാടത്ത് ഹൗസ്, ആനക്കര (പി.ഒ), പാലക്കാട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1982-83 | എൽ.എഫ്.എം.8/406 /97/18.2.97 | 9 | |
| 83-84 | എൽ.എഫ്.എം.8/407 | 11 | |

| | | | |
|---|---|---|---|
| | /97/18.2.97 | | |
| 84-85 | എൽ.എഫ്.എം.8/408 /97/18.2.97 | 10 | |
| 85-86 | എൽ.എഫ്.എം.8/409 /97/18.2.97 | 12 | |
| 88-90 | എൽ.എഫ്.എം.8/411/97/18.2.97 | 12 | |
| 90-91 | എൽ.എഫ്.എം.8/412 /97/19.2.97 | 6 | |
| 91-92 | എൽ.എഫ്.എം.8/413 /97/19.2.97 | 6 | |
| 92-93 | എൽ.എഫ്.എം.8/414 /97/19.2.97 | 6 | |
| 93-94,94-95,95-96 | എൽ.എഫ്.എം.9/57/00/11.4.00 | 2 | |
| 96-97 | എൽ.എഫ്.എം.9/988/11.5.99 | 5 | |
| 97-98 | എൽ.എഫ്.എം.9/597 /98/9.11.99 | 9 | |
| 98-99 | എൽ.എഫ്.എം.4/852 /02/24.5.03 | 7 | |
| 99-00 | എൽ.എഫ്.എം.9/333 /04/3.7.04 | 25 | |
| 00-01ചെലവ് | എൽ.എഫ്.എം.9/383 /08/27.11.06 | 4 | |
| 00-01 വരവ് | എൽ.എഫ്.എം.8/1773 /07/23.1.09 | 10 | |
| 01-02 | എൽ.എഫ്.എം.8/1774 /07/23.1.09 | | |
| 02-03 | എൽ.എഫ്.എം.8/1775 /07/23.1.09 | 11 | |
| 03-04 | എൽ.എഫ്.എം.8/1776 /07/23.1.09 | 5 | |
| 04-05 | എൽ.എഫ്.എം.8/1777 /07/23.1.09 | 5 | |
| 05-06 | എൽ.എഫ്.എം.8/1778 /07/23.1.09 | 13 | |
| 06-07 | എൽ.എഫ്.എം18/1366 /11/27.3.2012 | 14 | |
| 07-08 | എൽ.എഫ്.എം18/2323 /11/27.3.12 | 10 | |
| 08-09 | എൽ.എഫ്.എം18/574/11/31.5.11 | 10 | |
| 09-10,10-11 | എൽ.എഫ്.എം17/2389 /2013/29.3.14 | 26 | |

| | | | |
|---|---|---|---|
| 11-12,12-13 | എൽ.എഫ്.എം17/440/15/2015 /9.4.2015 | 28 | |
| 2014-15 | കെ.എസ്.എ.എം.പി.എം28/1406 /16/11-7-2016 | 20 | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം 1

# Audit Certificate

No. KSAMPM.28/3275/16 Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated. 20-01-17

CERTIFICATE

Certified that I have examined the Annual Financial Statement of Alamcode Grama Panchayat for the year ended on 31-03-2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Alamcode Grama Panchayat for the year 2015-16 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.

To

1. The Director, Kerala State Audit Department, Thiruvananthapuram.
2. The Secretary, Alamcode Grama Panchayat
3. The Deputy Director of Panchayat, Malappuram
4. Office Copy.
5. Spare.

നം.കെ.എസ്.എ.എം.പി.എം.28/3275/16 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :20-01-17

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

പകർപ്പ്

1. സെക്രട്ടറി, ആലംകോട് ഗ്രാമപഞ്ചായത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

4. കാര്യാലയ പ്രതി.